LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ ഇനത്തിൽ കെ. എസ്. ആർ. ടി. സി.-യ്ക്കുണ്ടാകുന്ന ചെലവ്

115 [2242] ശ്രീ. ജോർജ് ജെ മാത്യു:

,, എം. എ. ചന്ദ്രശേഖരൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ഡി. സുഗതൻ:

,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽനിന്ന് റിട്ടയർ ചെയ്ത എത്രപേർക്ക് പ്രതിമാസ പെൻഷൻ കൊടുത്തുവരുന്നു എന്നറിയിക്കാമോ;

(ബി) പ്രതിമാസ പെൻഷൻ ഇനത്തിൽ എന്തുചെലവ് വരുന്നുണ്ട്;

(സി) പെൻഷൻകാർക്ക് ഡി. ആർ. എത്ര ശതമാനമാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 26,009 പേർക്ക്. (6,416 ഫാമിലി പെൻഷൻകാരുൾപ്പെടെ)

(ബി) 8.07 കോടി രൂപ.

(സി) 32 ശതമാനം.

കെ. എസ്. ആർ. ടി. സി.-യിൽ സർവ്വീസിലിരിക്കെ മരണപ്പെട്ടവർ

116 [2243] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ സർവ്വീസിലിരിക്കെ മരണപ്പെട്ടവർ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സംവിധാനം നിലവിലുണ്ടോ;

(സി) ഇങ്ങനെ എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; ഇനി എത്രപേർക്ക് നൽകാനുണ്ട് എന്ന് വിശദീകരിക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിലെ വടകര ഓപ്പറേറ്റിംഗ് സെന്ററിൽ ഡ്രൈവറായിരുന്ന ചാത്തമംഗലം പഞ്ചായത്തിലെ മാന്തുനി ഗോപാലകൃഷ്ണൻ എന്നിവരുടെ ആശ്രിതർക്ക് ജോലി നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആർക്കാണ് ജോലി നൽകിയത്; ഇല്ലെങ്കിൽ ജോലി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എന്നേയ്ക്ക് ഇവർക്ക് ജോലി നൽകുമെന്ന് വ്യക്തമാക്കുമോ;

(എഫ്) കോഴിക്കോട് കെ. എസ്. ആർ. ടി. സി.-യിൽ ഡ്രൈവറായിരുന്ന ശ്രീ. കെ. എം. രാജന്റെ ആശ്രിതർക്ക് ജോലി നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് നൽകിയത്; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നൽകാത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർവ്വീസിലിരിക്കെ 2000-മാണ്ട് മുതൽ ഇതുവരെ 527 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുണ്ട്.

(സി) 2000-ന് ശേഷം 433 പേർക്ക് ആശ്രിതനിയമനം വഴി ജോലി നൽകിയിട്ടുണ്ട്. ഇനി 74 പേർക്ക് നിയമനം നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി ആന്റ് ഇ) ഇല്ല. ശ്രീ. ഗോപാലകൃഷ്ണന്റെ വിധവ രാധാമണിയ്ക്ക് ആശ്രിതനിയമനം വഴി ജോലി നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഉണ്ട്. കെ. എം. രാജന്റെ ആശ്രിതനായ കെ. എം. ലിനേഷിന് കണ്ടക്ടർ നിയമനം നൽകിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.-യിലെ പെൻഷൻ ആനുകൂല്യങ്ങൾ

117 [2244] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽനിന്നും പെൻഷൻ പറ്റുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് ഇതിനുകാരണം എന്നറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് നിലവിലുള്ള പരാതികൾ പരിഹരിച്ച് പെൻഷൻ പറ്റിയവരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ബുദ്ധിമുട്ടാണ് കാരണം

(സി) ബഹു. കേരളാ ഹൈക്കോടതി വിധിപ്രകാരം മാസവരുമാനത്തിന്റെ പത്ത് ശതമാനം പ്രത്യേക ഫണ്ടായി രൂപീകരിച്ച് പെൻഷൻ പറ്റിയ ക്രമത്തിൽ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly